# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 6, No. 1 : ജനവരി 2013**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**


### *ധർമ്മ വാണി*

*ഇസ് ദുഖിയാരേ ജഗത് മേ,*
*സുഖിയാ ദിഖേ ന കോയ്,*
*ശുദ്ധ് ധർമ്മ് ഫിര സേ ജഗേ,*
*ജന്, ജന് സുഖിയാ ഹോയ്.*

ദുഖമയമാ മീ ലോകത്തിൽ,
ആരും സുഖിമാന്മാരില്ല,
ശുദ്ധ ധർമ്മം വീണ്ടും ഉണരട്ടെ,
ജനം, ജനം സുഖിയായ് തീരട്ടെ.

— **എസ. എൻ. ഗോയങ്ക**

## അനുഭൂതിയുടെ ജ്ഞാനം ഉണരണം

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 36 ാം ഭാഗം)*

ധർമ്മധ്യാനം ചെയ്യണം. ഉള്ളിൽ ധർമ്മത്തിന്റെ നിയമങ്ങളെ അനുഭൂതികളുടെ തലത്തിൽ മനസ്സിലാക്കണം. 'ധമ്മേസു ധമ്മാനുപസ്സി വിഹരതി'. സ്വന്തം ഉള്ളിൽ ധർമ്മത്തിന്റെ നിയമം എപ്രകാരം ജോലി ചെയ്യുന്നു – അതിനെ അനുഭവിച്ചറിഞ്ഞില്ലെങ്കിൽ ബുദ്ധിവിലാസം മാത്രം ആയിത്തീരും. വാണിവിലാസം മാത്രം ആയിത്തീരും. ചിന്തയും മനനവും മാത്രം ചെയ്തുകൊണ്ടിരിക്കും, ശ്രദ്ധയാൽ വിശ്വസിച്ചുകൊണ്ടിരിക്കും. കാര്യം നടക്കില്ല. സ്വന്തം അനുഭൂതികളിൽ സത്യം വരണം.

ആർത്തധ്യാനം ചെയ്യുകയാണെങ്കിൽ ഉള്ളിൽ പോയ ഉടനെ അറിയാം, നോക്കൂ, ഇത് ആർത്തധ്യാനമാണ് നടന്നുകൊണ്ടിരിക്കുന്നത്. രൗദ്രധ്യാനം ചെയ്യുകയാണെങ്കിൽ ഉള്ളിൽ പോയ ഉടനെ അറിയാം, രൗദ്രധ്യാനമാണ് നടന്നു കൊണ്ടിരിക്കുന്നത്. നമുക്ക് ധർമ്മധ്യാനമാണ് ചെയ്യേണ്ടത്. സമതക്കൊപ്പം ഏതൊരു സത്യം പ്രകടമായിക്കൊണ്ടിരിക്കുന്നോ, അതിനെപ്പറ്റി ഉണർവ്വോടെ ഇരിക്കേണ്ടതുണ്ട്. പുതിയ കർമ്മ സംസ്കരം ഉണ്ടാക്കുകയേ ഇല്ല. അനാരംഭി ആയിരിക്കും. ചിത്തധാരയിൽ പുതിയ വികാരത്തിനെ ആരംഭമാകാൻ സമ്മതിക്കില്ല. നല്ലപോലെ ഉണർന്നിരിക്കുകയാണ്, എങ്കിൽ ധർമ്മ ധ്യാനം നടക്കുകയാണ്. എങ്കിൽ മുഴുവൻ കാര്യവും, മനസ്സിലാകാൻ തുടങ്ങും. പ്രകൃതിയുടെ മുഴുവൻ നിയമവും മനസ്സിലാകാൻ തുടങ്ങും. ഈ ഉള്ളിന്റെ ഉള്ളിൽ വികാരം ഉണരുന്നു, എപ്രകാരമാണ് ഇവയുടെ സംവർദ്ധനം നടക്കുന്നത് – എന്നിട്ട് ഇവയെ സംയമം ചെയ്യാൻ പഠിച്ചു, നിറുത്താൻ പഠിച്ചു. അപ്പോൾ എപ്രകാരം സംവർദ്ധനം തന്നെ ആകട്ടെ, നില്ക്കുക തന്നെ ചെയ്തു – ഇപ്പോൾ പഴയ ഏതൊരു സംഗ്രഹമുണ്ടോ, അവ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്, പുറത്തുവന്നു കൊണ്ടിരിക്കുകയാണ്, അപ്പോൾ നമ്മൾ സമതയിൽ തന്നെയാണെങ്കിൽ അവയും ജീർണ്ണമായി ക്കൊണ്ടിരിക്കുകയാണ്, അവ ക്ഷയിച്ചു കൊണ്ടരിക്കുകയാണ്.

ഇപ്രകാരം ഈ മുഴുവൻ സംഗ്രഹവും എത്രതന്നെ വലുതായാലും ശരി, പുറത്തു വരുന്നു, ജീർണ്ണമാകുന്നു, ക്ഷയമാകുന്നു. പുറത്തു വരുന്നു, ജീർണ്ണമാകുന്നു ക്ഷയമാകുന്നു. ഇതു മുഴുവൻ മനസ്സിലാകാൻ തുടങ്ങും. അനുഭൂതി മൂലം പ്രകൃതിയുടെ നിയമത്തെ ശരിക്കും മനസ്സിലാക്കാൻ തുടങ്ങി. അപ്പോൾ ഭഗവാന്റെ വാണി ഇത്ര സ്പഷ്ടമായി മനസ്സിലാകും. ഇതേ കാര്യത്തെ മനസ്സിലാക്കിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു–

'അനിച്ചാ വത് സംഘാരാ,
ഉപ്പാദവയ–ധമ്മിനൊ, ഉപ്പാദവയ–ധമ്മിനൊ,
ഉപജ്ജിത്വാ നിരുജ്ജന്തി,
തേസം വുപസമൊ സുഖൊ'.

'അനിച്ചാ വത് സംഘാര' മുഴുവൻ സംസ്കാരവും, ഉള്ളിൽ ഏതൊന്ന് നിർമ്മിക്ക പ്പെടുകയാണോ, അനിത്യമാണ്, അനിത്യമാണ്, നശ്വരമാണ്, ഭംഗൂരമാണ്. ഈ സത്യം ഇപ്പോൾ ബുദ്ധിവിലാസത്തിന്റെ സത്യമല്ല. ഈ സത്യം ഇപ്പോൾ ശ്രദ്ധയാൽ വിശ്വസിക്കേണ്ട സത്യവുമല്ല, അനുഭൂതിയിൽ അറിയുകയാണ്, അനിത്യമാണ്. നശ്വരമാണ്, ഭംഗൂരമാണ്; അനിത്യമാണ്, നശ്വരമാണ്, ഭംഗൂരമാണ്. പരമാണുക്കളുടെ സമൂഹമായി ഉത്പന്നമാകുന്നു, നഷ്ടമാകുന്നു. ചിത്തം ഉത്പ്പന്നമാകുന്നു, നഷ്ടമാകുന്നു. നഷ്ടമാകുന്നു, വീണ്ടും ഉത്പന്നമാകുന്നു – 'ഉപ്പാദവയ–ധമ്മിനൊ', അതിന്റെ ഉത്പാദമാകുന്നു, വ്യയമാകുന്നു. വീണ്ടും ഉത്പാദമാകുന്നു, വീണ്ടും

വ്യയമാകുന്നു. നോക്കുകയാണ്, ഉത്പാദമായി അപ്പോൾ നമ്മൾ വിവേകമില്ലായ്മയാൽ അതിൽ ഏതെങ്കിലും ഒരു വികാരത്തിന്റെ ഇൻപുട്ട് കൊടുത്തു, നിവേശിപ്പിച്ചു. രാഗത്തിന്റെ നിവേശം ചെയ്തു അല്ലെങ്കിൽ ദ്വേഷത്തിന്റെ നിവേശം ചെയ്തു അല്ലെങ്കിൽ മറ്റെന്തെങ്കിലും വികാരത്തിന്റെ നിവേശം ചെയ്തു. ഇപ്പോൾ ഉത്പന്നമായിക്കൊണ്ട് വ്യയമായി എന്നാൽ വീണ്ടും എപ്പോൾ ഉത്പന്നമായോ അപ്പോൾ ഇതിൽ ഏതൊന്ന് കൂട്ടിച്ചേർന്നിരുന്നോ, നമ്മൾ കൂടുതൽ കൂട്ടിച്ചേർത്തു, അതിനൊപ്പം ഉത്പന്നമായി. വീണ്ടും നമ്മൾ കുറച്ച് കൂട്ടിച്ചേർത്തു വീണ്ടും അതിനൊപ്പം ഉത്പന്നമായി.

അയ്യോ, അപ്പോൾ ഇത്ര സംവർദ്ധനമാണ് നടക്കുന്നത്. സംവർദ്ധനം, സംവർദ്ധനം, സംവർദ്ധനം, process of multiplication, multiplication. സ്വന്തം ഉള്ളിൽ നോക്കുകയാണ്, ഇത് നടക്കുകയാണ് എന്നാൽ ഇതിനെ നിറുത്താൻ ശ്രമിക്കുകയാണ്, 'ഉപജ്ജിത്വാ', ഉത്പ്പന്നമായ ഉടനെ തന്നെ, നമ്മൾ നിറുത്തി, 'നിരുജ്ജന്തി' നിരോധമായി. എന്താണ് നിരോധമായത്?

വീണ്ടും ഭാഷയുടെ അർത്ഥം മാറിപ്പോയി. ഇന്നാകട്ടെ നിരോധ ശബ്ദത്തിന്റെ അർത്ഥം – എന്തിനെയെങ്കിലും ബലമായി അമർത്തിവച്ചു എങ്കിൽ അതിന്റെ നിരേധമായി, നിരുദ്ധമായി. ഇതല്ല ആ ദിനങ്ങളിലെ ഭാഷയിൽ – നിരേധമായി എന്നാൽ വേരോടെ പിഴുതെറിഞ്ഞു. ഇനി വീണ്ടും വരികയില്ല. 'ഉപജ്ജിത്വാ നിരുജ്ജന്തി', ഒന്നിനു പുറകെ ഒന്ന് ഉത്പന്നമാകുന്നു, നിരുദ്ധമാകുന്നു, വേരോടെ പിഴുതെറിയപ്പെടുകയാണ്, ഉത്പന്ന മാകുന്നു, വേരോടെ പിഴുതെറിയപ്പെടുന്നു. അതിന്റെ ഉപശമനമായി. ദമനമല്ല, ശമനമായി. പിഴുതെറിഞ്ഞു കൊണ്ടു പോയി, പിഴുതെറിഞ്ഞുക്കൊണ്ടുപോയി. 'തേസം വൂപസമോ സുഖൊ', അയ്യോ, വളരെ സുഖം അനുഭവമാകാൻ തുടങ്ങി. ശമനമാകണം. ദമനമാണെങ്കിൽ സുഖം അനുഭവമാകില്ല. പുറമെ എന്റെ ദുഃഖം ദൂരീകൃതമായി എന്ന് തോന്നും, ഉള്ളിലാകാട്ടെ അഗ്നിപർവ്വതം ജ്വലിച്ചു കൊണ്ടിരിക്കുകയാണ്. വികാരങ്ങളുടെ സംവർദ്ധനം നടക്കുകയാണ്. വിടുതൽ ലഭിച്ചില്ല. അതിനാൽ കാര്യം ശരിക്കും മനസ്സിലാകും, മുഴുവൻ പ്രപഞ്ചവും മനസ്സിലാകും. സംവർദ്ധനം എങ്ങനെയാണ് നടക്കുന്നത് എന്നത് ആദ്യം മനസ്സിലാകും, സംവർദ്ധനം എങ്ങനെയാണ് നടന്നു കൊണ്ടിരിക്കുന്നത്? പ്രതിക്ഷണം സംവർദ്ധനം തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്.

ഏതേത് ക്ഷണം അവിദ്യയാൽ കടന്നു പോകുന്നോ, ബോധമില്ലായ്മയാൽ കടന്നു പോകുന്നോ, അത് സംവർദ്ധനത്തിന്റെ തന്നെ ക്ഷണമാണ്. വികാരം വർദ്ധിച്ചുകൊണ്ടു പോകുകയാണ്, വർദ്ധിച്ചുകൊണ്ടുപോകുകയാണ്. ഈ വികാരങ്ങളുടെ സംഗ്രഹം വർദ്ധിച്ചുകൊണ്ടു പോകുകയാണ്, വർദ്ധിച്ചുകൊണ്ടു പോകുകയാണ്. ഈ ഏതൊരു സ്വഭാവക്കുരുക്കുണ്ടോ, ശക്തമായി ക്കൊണ്ടുപോകുകയാണ്, കൂടുതൽ ശക്തമായി ക്കൊണ്ടുപോകുകയാണ്. ഈ behaviour pattern, habit pattern, കൂടുതൽ പ്രബലമായിക്കൊണ്ടുപോകുകയാണ്. സംവർദ്ധനം നടക്കുകയാണ്. ഉള്ളിലും ഇതേ നിയമമാണ് പ്രവർത്തിക്കുന്നത്. പുറം ലേകത്തിലും ഇതേ നിയമമാണ് ജോലി ചെയ്യുന്നത്.

ഒരു ഉദാഹരണത്താൽ മനസ്സിലാക്കാം – പേരാലിന്റെ ഒരു വിത്ത് നമ്മൾ ഫലപുഷ്ഠമായ ഭൂമിയിൽ ഇട്ടു. ചെറിയ ബീജം പൊട്ടിമുളച്ച് പുറത്തു വന്നു. അഃിൽ നിന്ന് വിശാലമായ വൃക്ഷം വന്നു. ചെറിയ ബീജം – ഇത്ര വിശാലമായ വൃക്ഷമായി. ഇപ്പോൾ അത് ഫലം തന്നുകൊണ്ടിരിക്കുകയാണ്. എല്ലാ കാലാവസ്ഥയിലും, എല്ലാവർഷവും ആയിരക്കണക്കിന് ഫലം. അയ്യോ, ബീജമാകട്ടെ ഒന്നേ ഉണ്ടായിരുന്നുള്ളു. എത്ര സംവർദ്ധനമുണ്ടായി. ഒരു ബീജത്തിൽ എത്ര ഫലം വന്നു കൂടാതെ ഋതുക്കളോടു ഋതുക്കൾ, ഋതുക്കളോട് ഋതുക്കൾ, എല്ലാ ഋതുവിലും, എല്ലാ വർഷവും – മാത്രമല്ല പേരാൽ വളരെ ദീർഘായുസ്സ് ഉള്ളതാണ്, ആയിരക്കണക്കിന് വർഷങ്ങൾ ജീവിക്കുന്നു. എത്ര വർഷങ്ങൾ ജീവിച്ചാലും, എത്ര തന്നെ ദീർഘ ജീവിയായാലും അവസാനം ഒരു സമയം വരുന്നു, ആ വടവൃക്ഷവും ജീർണ്ണമാകുന്നു, വയസ്സാകുന്നു. വീഴുന്നു, മരിക്കുന്നു.

അതിനാൽ പുറമേ നിന്നും ഇങ്ങനെ തോന്നാവുന്നതാണ് – ഒരു വിത്ത് നട്ടിരുന്നു, അതിന്റെ ഇത്ര ഫലങ്ങൾ വന്നു. ഇപ്പോൾ കാര്യം അവസാനിച്ചു. അവസാനിച്ചില്ല. ഈ പ്രകൃതിയുടെ ഒഴുക്കിൽ കാര്യം അവസാനിക്കുന്നില്ല. ഇപ്പോഴും സംവർദ്ധനം നടന്നുകൊണ്ടിരിക്കുകയാണ്. എങ്ങനെ യാണ് നടന്നുകൊണ്ടിരിക്കുന്നത്? ഈ മരം പോയി എന്നാൽ ഈ മരത്തിൽ എപ്പോഴെപ്പോൾ ഏതൊരു ഫലമുണ്ടായോ, സ്വന്തം ഉള്ളിൽ അതേ ക്വാളിറ്റിയുടെ ഒന്ന് അല്ലെങ്കിൽ അനേകം ബീജം ഉൾക്കൊള്ളാത്ത ഒരു ഫലം പോലും അത്തര ത്തിലില്ലായിരുന്നു. എല്ലാ ഫലത്തിലും വിത്ത്, എല്ലാ ഫലത്തിലും വിത്ത്. കൂടാതെ എല്ലാ വിത്തിലും ഒരു വടവൃക്ഷം. ആ ബീജം എവിടെ എവിടെ ഫലപുഷ്ടമായ ഭൂമിയിൽ വീണോ, ഒരു പേരാൽ മുളച്ചു. കൂടാതെ ആ പേരാലിന്റെ എണ്ണമില്ലാത്തത്ര ഫലം വീണ്ടും വന്നു. കൂടാതെ ആ ഫലങ്ങളിൽ വിത്തുമുണ്ട്. എല്ലാ വിത്തിലും ഒരു പേരാൽ –. അയ്യോ അനന്തമായല്ലോ, വർദ്ധിച്ചുകൊണ്ടേ പോകുന്നു. തീർത്തും ഇതേ പ്രകാരത്തിൽ മനസ്സിൽ ഒരു വികാരം ഉണർന്നു, ഈ വിത്ത് വിതച്ചു, ഇനി നോക്കൂ അതിന്റെ സംവർദ്ധനം നടന്നു കൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടാണ് നടക്കുന്നത് – അതിന്റെ ഫലം എപ്പോൾ വരുന്നുവോ അതിനൊപ്പം ആ വികാരത്തിന്റെ ബീജവും വരുന്നു. മാത്രമല്ല നമ്മൾ അതിന് ശരിക്കും ഫലപുഷ്ടമായ ഭൂമി കൊടുക്കുന്നു. നിറയെ വളം കൊടുക്കുന്നു, ഫെർട്ടിലൈസർ കൊടുക്കുന്നു, വെള്ളം കൊടുക്കുന്നു. എന്റെ ദുഖത്തിന്റെ വിത്തേ, നീ ശരിക്കും പൂത്തു കായ്ക്കൂ, എന്റെ വികാരങ്ങളുടെ വിത്തേ, നീ ശരിക്കും പൂത്തു കായ്ക്കൂ.

അവിദ്യയല്ലെ? എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത്, ബോധമില്ല. അതിന് വളക്കൂറുള്ള മണ്ണ് കൊടുക്കരുത്. ഫലമാകട്ടെ വന്നു, വീത്തും കൊണ്ടാണ് വന്നത്. ആ വിത്തിനെ പാറക്കല്ലുള്ള സ്ഥലത്ത് ഇട്ടു, ഒന്നും തന്നെ മുളക്കില്ല. അതിൽ നിന്ന് പേരാൽ വരികയേ ഇല്ല, എന്തു ഫലം വരാനാണ്

എന്നാൽ നമ്മുടെ അറിവില്ലായ്മ, ഈ അവിദ്യ വളക്കൂറോടു വളക്കൂറുള്ള മണ്ണ് കൊടുത്തുകൊണ്ടേ പോകുകയാണ്, അതിനാൽ സംവർദ്ധനത്തിന്റെ ക്രമം നടന്നുകൊണ്ടേ ഇരിക്കുന്നു, നടന്നുകൊണ്ടേയിരിക്കുന്നു. ഉള്ളിൽ എപ്പോൾ വിപശ്യന ചെയ്തുകൊണ്ട്, സത്യത്തിന്റെ ദർശനം ചെയ്തുകൊണ്ട് ഇത് നോക്കാൻ തുടങ്ങുമോ – നോക്കൂ, വീണ്ടും ആരംഭമായി, എങ്കിൽ വർദ്ധനമായി, സംവർദ്ധനമായി. ശരിക്കും മനസ്സിലാകും. കൂടാതെ ഇതും മനസ്സിലാകും. ഈ സംവർദ്ധനം ഇപ്രകാരത്തിൽ നില്ക്കാവുന്നതാണ്. ഇതിന് നമ്മൾ പുതിയ ഭൂമി കൊടുക്കരുത്. പുതിയ ഫെർട്ടിലൈസർ കൊടുക്കരുത്. വളരില്ല. അവിടെ തന്നെ സമാപ്തമാകും.

ഒരു കഥ കൂടി, ഇതിനെ കേൾക്കുക, നേരത്തെ പറഞ്ഞതുപോലെ നമ്മുടെ ഭാരതത്തിൽ ഒരു സമയം – സാഹിത്യകാരന്മാർ ഈ വിധത്തിൽ എഴുതി – അതിൽ പുറമെ പുറമെ ഒരു കാര്യം എന്നാൽ അതിന്റെ ഉള്ളിൽ ആഴത്തിൽ വേറൊരു കാര്യം. അതിനാൽ അടയാളങ്ങളുടെ ഭാഷയിൽ, പ്രതീകാത്മക ഭാഷയിൽ കഥകൾ എഴുതപ്പെട്ടു. അതിനാൽ നമ്മുടെ ഇവിടെ ഒരു കഥ വളരെ പ്രചലിതമാണ്, കേട്ടിരിക്കാം, ചണ്ഡിമാതാവ്, കാളിമാതാവ്, അവരുടെ ചിത്രം കണ്ടിരിക്കാം. എത്ര വലിയ വലിയ ചുവന്ന ചുവന്ന കണ്ണുകൾ, ദേഷ്യത്താൽ ചുവന്നിരിക്കുകയാണ്. അവരുടെ മുഖത്ത് ദേഷ്യം – കഴുത്തിൽ തലയോടുകൊണ്ടുള്ള മാല അണിഞ്ഞിരിക്കുകയാണ്, കൂടാതെ കണ്ടിരിക്കാം, അവരുടെ ഭർത്താവ് ശിവൻ – ശിവൻ തറയിൽ കിടക്കുകയാണ്, അവർ അവരുടെ വലതുകാൽ അദ്ദേഹത്തിന്റെ ശരീരത്തിൽ വച്ചിരിക്കുകയാണ്. അയ്യോ, സ്വന്തം ശിവനെ ചവിട്ടിമെതിക്കുകയാണ് അതായത് സ്വന്തം മംഗളത്തെ ചവിട്ടിത്തേക്കുകയാണ്.

കഥ, കഥയാണ്. മനസ്സിലാക്കേണ്ട കാര്യമാണ്. എപ്പോൾ നമ്മുടെ തലയിൽ ഈ ചണ്ടസ്വഭാവം ഉണരുന്നോ, ക്രോധം ഉണരുന്നോ, നമ്മൾക്ക് ബോധം നഷ്ടപ്പെടുന്നു. സ്വന്തം മംഗളത്തെ തന്നെ ചവിട്ടിത്തേക്കുന്നു. സ്വന്തം ശിവനെ ചവിട്ടിത്തേക്കുന്നു. ബോധം ഉണർന്നാൽ – ഈ തെറ്റായ കാര്യം ചെയ്യുന്നതിൽ നിന്നും രക്ഷപ്പെടണം. വിടുതൽ നേടണം. അതിനാൽ കഥ മുന്നോട്ടു പോകുന്നു, മാതാവിന് ബോധം വരുന്നു. അയ്യോ, ഞാനിതെന്താണ് ചെയ്യുന്നത്, സ്വന്തം ശിവനെയാണോ ചവിട്ടിതേച്ചത്, സ്വന്തം മംഗളത്തെയാണോ ചവിട്ടിത്തേച്ചത്, എനിക്ക് എന്താണ് പറ്റിയത്, ഇത്തരം തെറ്റ് എന്തു കൊണ്ട് ഉണ്ടായി. അതിനാൽ നാലു വശത്ത് നോക്കുന്നു, ഈ രാക്ഷസൻമാരുടെ സേനയുണ്ട് അയ്യോ, അവരുടെ കാരണത്താലാണ് ഞാൻ വിചിലിതമായത്. ഈ രാക്ഷസൻമാരുടെ സേന കൂടാതെ ഈ രാക്ഷസൻമാരുടെ രണ്ടു സേനാപതികൾ ശുംബനും നിശുംബനും. ഈ സേനയെ നഷ്ടമാക്കേണ്ടതുണ്ട്. ഇവർ ജീവിച്ചിരിക്കുകയാണെങ്കിൽ വീണ്ടും വീണ്ടും സ്വന്തം ബോധം നഷ്ടമായിക്കൊണ്ടിരിക്കും. വീണ്ടും വീണ്ടും ബോധം നഷ്ടമാകും, സ്വന്തം ശിവനെ ചവിട്ടിമേതിച്ചുകൊണ്ടിരിക്കും, സ്വന്തം മംഗളത്തെ ചവിട്ടിതേച്ചുകൊണ്ടിരിക്കും. ഇവരെ നഷ്ടമാക്കേണ്ടതുണ്ട്.

രാക്ഷസൻമാരുടെ സേന എന്താണ്? നമ്മുടെ വികാരങ്ങളുടെ സേനയാണ്. എത്ര വികാരങ്ങളാണ്. കൂടാതെ ആ വികാരങ്ങളുടെ രണ്ടു സേനാപതി – രാഗവും ദ്വേഷവും, രാഗവും ദ്വേഷവും. ഇവരെ നഷ്ടമാക്കേണ്ടതുണ്ട്. ഇവർ നഷ്ടമായാൽ ബാക്കി വികാരങ്ങൾ തന്നെത്താൻ നഷ്ടമായി ക്കൊണ്ടുപോകും. അതിനാൽ ശുംബനും നിശുംബനും, ഈ സേനാപതികളെ നഷ്ടമാക്കേണ്ടതുണ്ട്. അപ്പോൾ കണ്ടിരിക്കാം – അമ്മക്ക് എത്ര കൈകളാണ്, കൂടാതെ ഓരോ കയ്യിലും ഒന്നല്ലെങ്കിൽ മറ്റൊരു ആയുധമുണ്ട്, ഒരു ശസ്ത്രമുണ്ട്, ഒരു അസ്ത്രമുണ്ട്, വാളുണ്ട്, കുന്തമുണ്ട്, കഠാരയുണ്ട്, വില്ലുണ്ട്, അമ്പുണ്ട് എന്നിട്ട് കൊല്ലുകയാണ്. ആ രാക്ഷസരുടെ സേനാപതികളെ ആക്രമിക്കുകയാണ് എന്നാൽ അവരെ മുറിപ്പെടുത്തിയ ഉടനെ അവരുടെ ശരീരത്തിൽ നിന്നും രക്തം പുറത്തു വന്നു. എന്നിട്ട് ആ രക്തം ഭൂമിയിൽ വീണ ഉടനെ ഒരു പുതിയ രാക്ഷസൻ ജനിക്കുന്നു. ആക്രമിക്കുന്നു, രക്തം ഒഴുകുന്നു, രക്തത്തിന്റെ തുള്ളി ഭൂമിയിൽ വീഴുന്നു, ഒരു പുതിയ രാക്ഷസൻ ജന്മമെടുക്കുന്നു. അയ്യോ, ഇവൻ രക്തബീജനാണല്ലോ. ഇവന്റെ രക്തത്തിന്റെ ഓരോരോ തുള്ളി വിത്തിനെപ്പോലെ പുതിയ രാക്ഷസനെ ജനിപ്പിക്കുന്നു.

ഇനി എന്തു ചെയ്യും? ആക്രമിച്ചാൽ രക്തം വരിക തന്നെ ചെയ്യും. രക്തം വന്നാൽ ഒഴുകി ഭൂമിയിൽ വീഴുക തന്നെ ചെയ്യും. കൂടാതെ വീണാൽ പുതിയ രാക്ഷസൻ ജന്മമെടുക്കും. എങ്ങനെ ഇവരെ ഇല്ലാതാക്കാം. അമ്മക്ക് ബോദം വരുന്നു, പ്രജ്ഞ ഉണരുന്നു. ഈ രക്ഷസരെ വധിച്ചാൽ അവരുടെ രക്തം ഭൂമിയിൽ പതിക്കുന്നു അപ്പോൾ പുതിയ രാക്ഷസൻ ജനിക്കുന്നു, കൂടാതെ ആ പുതിയ രാക്ഷസനും ഇത്തരം തന്നെ സ്വഭാവമാണ്. ഈ കാര്യം മനസ്സിലായി.

ഈ കാര്യം മനസ്സിലായി എന്തെന്നാൽ ആക്രമിക്കുകയാണ് എങ്കിൽ രക്തം വരുന്നു എന്നാൽ ആ രക്തത്തിന്റെ തുള്ളി ഭൂമിയിൽ പതിച്ചു, അപ്പോഴല്ലെ പുതിയ രാക്ഷസൻ ജന്മമെടുത്തത്. ഭൂമിയിൽ തന്നെ പതിക്കുന്നില്ലെങ്കിൽ എന്താകും? അതിനാൽ ആക്രമിക്കുന്നു, രാക്ഷസനിൽ നിന്ന് രക്തം വരുന്നു, അപ്പോൾ അമ്മയുടെ ചിത്രം കണ്ടിരിക്കാം, അമ്മയുടെ പ്രതിമ, ഇത്ര നീണ്ട നാക്ക് പുറത്തു കാണാം – രക്തം വന്നു, അപ്പോൾ നക്കിതുടച്ചു, രക്തം വന്നു അപ്പോൾ നക്കി തുടച്ചു. ഭൂമിയിൽ വീഴാനെ സമ്മതിക്കുന്നില്ല. ഭൂമിയിൽ വീഴുന്നില്ലെങ്കിൽ പുതിയ രാക്ഷസൻ ജന്മമെടുക്കില്ല സംവർദ്ധനം നിന്നു.

കഥ കഥയാണ്, പ്രതീകാത്മക ഭാഷയിൽ സാങ്കേതിക ഭാഷയിൽ മുന്നോട്ടു പോകുന്നു. എത്ര രക്തം നക്കി തുടക്കാനാണ്? അതിനാൽ അവരുടെ കൈയ്യിൽ ഒരു പാത്രം കൊടുത്തു. എത്ര നക്കാൻ പറ്റുമോ അത്ര നക്കുന്നു ബാക്കി ഈ പാത്രത്തിൽ. കൂടാതെ ആ പാത്രവും ഒരിക്കലും നിറയാത്തതാണ്. ഇനി രക്തം വീഴട്ടെ. വധിക്കുന്നു, വളരെ രക്തം വീഴുന്നു അപ്പോൾ പാത്രത്തിൽ നിറക്കുന്നു. നക്കുന്നു, പാത്രത്തിൽ നിറക്കുന്നു. അവസാനിച്ചു, മുഴുവൻ രാക്ഷസരെയും തീർത്തു.

വളക്കൂറുള്ള മണ്ണ് കൊടുത്തില്ലല്ലോ – ആ ഏതൊരു ബീജമുണ്ടായിരുന്നോ, രക്തബീജം,

അതിന് ഭൂമി ലഭിച്ചാൽ അതിന്റെ വർദ്ധനമാകും. ഈ പ്രജ്ഞ ഉണരണം, ബോധം ഉണരണം നമ്മൾ ഏതൊരു കർമ്മ സംസ്കാരം ഉണ്ടാക്കിയോ – അതിന്റെ ഫലം എപ്പോൾ വരുമോ – ഫലം വരുമ്പോൾ ആ തരത്തിലുള്ള വിത്ത് ഒപ്പം എടുത്തു കൊണ്ടാണ് വരിക. ആ തരത്തിലുള്ള സംവേദനയും കൊണ്ടാണ് വരിക. നമ്മൾ ക്രോധത്തിന്റെ സംസ്കാരം ഉണ്ടാക്കിയാൽ ക്രോധത്തിന്റെ ഏതൊരു വിത്തിട്ടോ, അതിന്റെ കാരണത്താൽ ശരീരത്തിൽ ഏതെങ്കിലും സംവേദനയുണ്ടായി, വളരെ ചൂട് അനുഭവമായി, വളരെ അശാന്തി അനുഭവമായി. ഇനി ആ ക്രോധത്തിന്റെ വിത്തിന്റെ ഫലം എപ്പോൾ വരുമോ, അപ്പോൾ ഇപ്രകാരം ചൂടുകൊണ്ടു വരും, താപം കൊണ്ടു വരും, വ്യാകുലത കൊണ്ടു വരും. എന്നിട്ട് ആ വ്യാകുലതയുടെ കാരണത്താൽ, ആ താപത്തിന്റെ കാരണത്താൽ, ആ അഗ്നിയുടെ കാരണത്താൽ നമ്മൾ വീണ്ടും ക്രോധം ഉണർത്തും. വീണ്ടും ക്രോധത്തിന്റെ വിത്ത്, വീണ്ടും അതിന്റെ ഫലം കൊണ്ടു വരും, അപ്പോൾ വീണ്ടും താപം കൊണ്ടു തന്നെ വരും.

അയ്യോ, അപ്പോൾ ഇത് വർദ്ധിച്ചുകൊണ്ടു തന്നെ പോകുന്നു സംവർദ്ധനം നടന്നു കൊണ്ടിരുന്നു, സംവർദ്ധനം നടന്നു കൊണ്ടിരുന്നു. നമ്മൾ അതിന് ഭൂമി കൊടുത്തില്ല. നമ്മൾ അതിനെ വളരാൻ സമ്മതിച്ചില്ല. വളക്കൂറുള്ള മണ്ണു കൊടുത്തില്ല. വെള്ളത്താൽ നനച്ചില്ല, എങ്ങനെ വളരും? ഇത്ര കാര്യം മനസ്സിലായാൽ മതി, ഈ സംവർദ്ധനം നില്ക്കും.

നമ്മുടെ ഉള്ളിൽ പെട്രോൾ ടാങ്ക്, നിറഞ്ഞിരിക്കുന്ന ടാങ്ക്, അപ്പോൾ പുറത്തു നിന്നും ഒരു തീപ്പൊരി വന്നു, എന്തു തീപ്പൊരിയാണ് വന്നത്? നമ്മുടെ തന്നെ ഏതോ കർമ്മത്തിന്റെ ഫലം നമ്മളെ ജ്വലിപ്പിക്കാനായി വന്നു. ഒരു തീപ്പൊരി വന്നു. ആ തീപ്പൊരി ഈ പെട്രോൾ ടാങ്കിൽ സ്പർശിച്ച ഉടനെ തന്നെ സ്ഫോടനമുണ്ടായി. ശക്തിയായി തീയുണ്ടായി, തീപ്പൊരികൾ വന്നു. ഒരു തീപ്പൊരിയാണ് വന്നിരുന്നത് എന്നാൽ നമ്മൾ ആയിരക്കണക്കിന് പുതിയ തീപ്പൊരികൾ ജനിപ്പിച്ചു. സംവർദ്ധനം ചെയ്തുകൊണ്ടു പോകുകയാണ്. അയ്യോ, ഈ തീക്കനലുകളാകട്ടെ വരികതന്നെ ചെയ്യും, ഈ തീപ്പൊരികളാകട്ടെ വരിക തന്നെ ചെയ്യും, ഏതുവരെ നമ്മുടെ പക്കൽ അത്തരം കർമ്മ സംസ്കാരങ്ങളുടെ സംഗ്രഹമുണ്ടോ, അത് നമ്മളെ തീയിൽ പൊള്ളിക്കുന്നതാണ് എങ്കിൽ അതിന്റെ ഫലം എപ്പോൾ വരുമോ, തീക്കനലിന്റെ രൂപത്തിൽ വരും, തീപ്പൊരിയുടെ രൂപത്തിൽ വരും. നമ്മളെ പൊള്ളിക്കാനായി വരും. അപ്പോൾ നമ്മൾ ഭ്രമത്താൽ പെട്രോളിന്റെ ടാങ്കും പേറിയാണിരിക്കുന്നത്, അതിന്റെ സംവർദ്ധനം ചെയ്യും. ഒരു തീപ്പൊരി വന്നു അപ്പോൾ നമ്മൾ ആയിരം തീപ്പൊരികൾ ജനിപ്പിച്ചു. ഒരു തീപ്പൊരി വന്നു, നമ്മൾ ആയിരം തീപ്പൊരികൾ ജനിപ്പിച്ചു.

എപ്പോൾ ആയിരം തീപ്പൊരികൾ ജനിപ്പിക്കുന്നുവോ, ആ ഓരോരോ തീപ്പൊരി വീണ്ടും എപ്പോൾ സ്വന്തം ഫലം കൊണ്ടു വരുമോ, വീണ്ടും നമ്മൾ ആയിരക്കണക്കിന് തീപ്പൊരികൾ ജനിപ്പിക്കും. അപ്പോൾ ഇത് സംവർദ്ധനം തന്നെ സംവർദ്ധമാണ്, സംവർദ്ധനം തന്നെ സംവർദ്ധനമാണ്. ഇത് മനസ്സിലാക്കിയില്ല.

വിപശ്യനയാൽ ധർമ്മം മനസ്സിലാകുന്നു, ബോധം ഉണരുന്നു, വിദ്യ ഉണരുന്നു, അപ്പോൾ സ്വന്തം മനസ്സിലെ ടാങ്കിൽ നിന്നും പെട്രോൾ നീക്കം ചെയ്യുന്നു, ഉള്ളിൽ അല്പം പോലും പെട്രോളില്ല. അതിന് വളക്കൂറുള്ള മണ്ണ് കൊടുക്കില്ല. തീപ്പൊരികൾ വരിക തന്നെ ചെയ്യും. ഏതൊന്ന് നേരത്തെ കൂട്ടിവച്ചിട്ടുണ്ടോ, അതിന്റെ ഫലം തീപ്പെരിയുടെ രൂപത്തിൽ വന്നു. വന്നു, നമ്മുടെ പക്കൽ പെട്രോളില്ല. വന്നു എന്നിട്ട് അതിനൊപ്പം എത്ര ജ്വലനം കൊണ്ടു വന്നോ, ജ്വലിച്ചു, തീർന്നു പോയി. തീപ്പൊരി വന്നു എന്നിട്ട് അണഞ്ഞു. തീപ്പൊരി വന്നു എന്നിട്ട് അണഞ്ഞു. ഇപ്പോൾ നമ്മൾ പുതിയത് ഉണ്ടാക്കാത്തതുകൊണ്ട് പഴയ തീപ്പൊരികൾ ത്വരിതഗതിയിൽ വരാൻ തുടങ്ങി. വേഗം വേഗം വരാൻ തുടങ്ങി.

നമ്മുടെ പൂർവ്വ കർമ്മങ്ങളുടെ ഫലം ഇപ്പോൾ വേഗം വേഗം വരാൻ തുടങ്ങി, വേഗം വേഗം വരാൻ തുടങ്ങി. വന്നു എന്നിട്ട് സമാപ്തമായി, വന്നു എന്നിട്ട് സമാപ്തമായി. ഉപജ്ജിത്വാ നിരുജ്ജന്തി, ഉപജ്ജിത്വാ നിരുജ്ജന്തി, സമാപ്തമായി പ്പോകുകയാണ്, സമാപ്തമായിപ്പോകുകയാണ്, നിരുദ്ധമായിപ്പോകുകയാണ്. മുന്നേറുന്നു. മനസ്സിനെ കൂടുതൽ നിർമ്മലമാക്കിപ്പോകുന്നു, നിർമ്മല മാക്കിപ്പോകുന്നു അപ്പോൾ മനസ്സ് മൈത്രിയാൽ നിറയപ്പെടുന്നു, കരുണയാൽ നിറയപ്പെടുന്നു. സദ്ഭാവനയാൽ നിറയപ്പെടുന്നു. പെട്രോളിനാൽ നിറയപ്പെട്ട ടാങ്കാണ് ഇതെന്ന് വിശ്വസിക്കുക, ഇപ്പോൾ അതിനെ ശീതളമായ ജലത്താൽ നിറച്ചു. ശരിക്കും ശീതളമായ ജലത്താൽ നിറച്ചിരിക്കുകയാണ്. തീപ്പൊരികൾ ഇപ്പോഴും വന്നു കൊണ്ടിരിക്കുകയാണ്, എന്തെന്നാൽ പഴയ എല്ലാ കർമ്മവും ഇപ്പോൾ സമാപ്തമായിട്ടില്ല. തീപ്പൊരികൾ വന്നു കൊണ്ടിരിക്കുകയാണ്. കത്തിക്കൊണ്ടിരിക്കുന്നു. തീപ്പൊരി വരുകയാണ്, ഈ ശീതള ജലത്തെ സ്പർശിക്കുന്നു, അപ്പോൾ തന്നെ സമാപ്തമായി. അതിനൊപ്പം ഏതൊരു തീ കൊണ്ടു വന്നിരുന്നോ, അതിന് പൊള്ളിക്കാൻ പ്പോലും കഴിഞ്ഞില്ല. സമാപ്തമായി.

ഇപ്പോൾ വീണ്ടും വീണ്ടു, വേഗം വേഗം, തീപ്പൊരികൾ വരുന്നു, ഈ വെള്ളത്തെ സ്പർശിച്ച് അണഞ്ഞു പോകുന്നു. വരുന്നു, അണഞ്ഞു പോകുന്നു. അതിനാൽ മൾട്ടിപ്പ്ലിക്കേഷൻ മാത്രമല്ല നിന്നത്, സംവർദ്ധനം മാത്രമല്ല നിന്നത്, പഴയവ വിജീർണ്ണമാകാൻ തുടങ്ങി. പഴയവ ക്ഷയമാകാൻ തുടങ്ങി. ഇങ്ങനെ ക്ഷയം ആയി ആയി ആയി മുഴുവൻ ക്ഷയമായാൽ മുക്തമായി. ഖീണം പുരാണം, പഴയത് മുഴുവൻ ക്ഷീണമായി. നവം നത്ഥി സംഭവം, പുതിയത് ഉണ്ടാക്കുന്നതേയില്ല. അയ്യോ, ഇതുതന്നെയല്ലെ മുക്ത അവസ്ഥ. ഇതിനായി ജോലി ചെയ്യേണ്ടതുണ്ട്. വളരെ പരിശ്രമം ചെയ്യേണ്ടതുണ്ട്. ഈ മുഴുവൻ കാര്യവും കേവലം ബുദ്ധിയുടെ തലത്തിൽ മനസ്സിലാക്കി യിരിക്കുകയാണെങ്കിൽ മുഴുവൻ കാര്യവും ആകില്ല. ബുദ്ധിയുടെ തലത്തിലാകട്ടെ ആയിരം മനസ്സിലാക്കുന്നുണ്ട് എന്തെന്നാൽ എപ്പോൾ നമ്മുടെ നേർക്ക് ആരെങ്കിലും തീ കൊണ്ടുവരികയാണെങ്കിൽ അഗ്നിയെ വർദ്ധിപ്പിക്കരുത്. നമ്മൾ ശരിക്കും

ബോധത്തോടെ ഇരിക്കണം. നമ്മുടെ നേർക്ക് നമ്മളെ ജ്വലിപ്പിക്കുന്നതിനായി തീ വരുകയാണെങ്കിൽ നമ്മുടെ പമ്പ്, വെള്ളത്തിന്റെ പമ്പ് തുറക്കണം. വെള്ളത്തിന്റെ പമ്പ് തുറന്ന് ആ തീയിനെ അണക്കണം. ഇല്ലെങ്കിൽ അത് വർദ്ധിക്കും, നമ്മൾക്കായി വളരെ അപകടകരമായിത്തീരും. ബുദ്ധിയാൽ വ്യക്തി ശരിക്കും മനസ്സിലാക്കുന്നുണ്ട്. എന്നാൽ സത്യമായും തീ വന്നു, ആ സമയത്ത് എല്ലാം മറന്നു പോകുന്നു. അല്പം പോലും ബോധം അവശേഷിക്കുന്നില്ല. വെള്ളത്തിന്റെ പമ്പ് എവിടെ തുറക്കാനാണ്, പെട്രോളിന്റെ പമ്പ് തുറക്കുന്നു ശരിക്കും കത്തിക്കുന്നു, ശരിക്കും കത്തിക്കുന്നു. തന്നെ തന്നെ അഗ്നിക്കിരയാക്കുന്നു. ബോധമില്ല.

ഈ ബോധം ഉണരണം. ഏതെങ്കിലും വ്യക്തി എന്നെ അഗ്നിക്കിരിയാക്കുന്നതിനായി തീ കൊണ്ടു വരികയാണ്, ഞാൻ ബക്കറ്റ് നിറയെ പെട്രോൾ അവന്റെ മേൽ ഒഴിക്കുന്നു. നീയും ജ്വലിക്കട്ടെ ഞാനും ജ്വലിക്കട്ടെ, നീയും ജ്വലിക്കട്ടെ ഞാനും ജ്വലിക്കട്ടെ. അയ്യോ, ബോധമില്ലല്ലോ സഹോദരാ. അതിനാൽ ജീവിതം മുഴുവനും ഇതു തന്നെയാണ് ചെയ്യുന്നത്. ബോധം വന്നു, ആരെങ്കിലും നമ്മുടെ നേർക്ക് തീ ക്കൊണ്ടു വരികയാണ് അപ്പോൾ നമ്മൾ ബക്കറ്റിൽ വെള്ളം നിറച്ചു എന്നിട്ട് അവന്റെ മേൽ ഒഴിച്ചു. തീയണഞ്ഞു, നീയും സുഖമായിരിക്കട്ടെ, ഞാനും സുഖമായിരിക്കട്ടെ. നീയും സുഖമായിരിക്കട്ടെ, ഞാനും സുഖമായിരിക്കട്ടെ.

എന്നാൽ ഈ ബോധം എങ്ങനെ ഉണരും? ഈ പ്രവചനങ്ങളാൽ ഉണരില്ല. ഉണരാൻ സാധിക്കില്ല എന്തെന്നാൽ ഇത് കേവലം ബുദ്ധി വിലാസമാണ്, കേവലം വാണിവിലാസമാണ്. ബുദ്ധിയുടെ തലത്തിൽ ശരിക്കും മനസ്സിലാക്കി എന്തെന്നാൽ എപ്പോഴെപ്പോൾ നമ്മുടെ നേർക്ക് തീ വരുന്നു, നമ്മൾ അതിൽ പെട്രോൾ തളിക്കില്ല, നമ്മൾ അതിൽ ശീതള ജലം തളിക്കണം, അതിനെ അണക്കണം. എന്നാൽ വസ്തുതയിൽ എപ്പോൾ തീ വരുന്നുവോ, എല്ലാ ബോധവും നഷ്ടമാകുന്നു. അനുഭൂതിയാലുള്ള പ്രജ്ഞ എവിടെയാണ്? കൂടാതെ അനുഭൂതിയാലുള്ള പ്രജ്ഞ ഇല്ലെങ്കിൽ ഈ ചിന്തൻമയി പ്രജ്ഞ, ഈ ശ്രുതമയി പ്രജ്ഞ, പുറമെ പുറമെ അല്പം നന്നാക്കുമായിരിക്കാം, ഉള്ളിൽ വരെയുള്ള സ്വഭാവം പണ്ടത്തെ പോലെ തന്നെയാണ്. ഒരു വ്യത്യാസവും ഇല്ല. ഉള്ളിലെ സ്വഭാവത്തെ മാറ്റേണ്ടതുണ്ട്. നമ്മൾ ഈ പെട്രോൾ എവിടെയാണ് അഗ്നിയിൽ ഒഴിച്ചുകൊണ്ടിരിക്കുന്നത് നമ്മുടെ ഉള്ളിലാണ് ഒഴിച്ചുകൊണ്ടിരിക്കുന്നത്. ഉള്ളിൽ നിന്നു തന്നെയാണ് തീപ്പൊരികൾ പുറത്തു വരുന്നത്.

സ്വന്തം ഏതെങ്കിലും പഴയ കർമ്മ സംസ്കാരങ്ങളുടെ ഫലം ആദ്യം ഏതെങ്കിലും സംവേദനയുടെ രൂപത്തിൽ ഉണരുന്നു. അപ്പോൾ തീപ്പൊരി ചിതറി, ജ്വലിക്കാൻ തുടങ്ങി അപ്പോൾ അവിടെ തന്നെ നമ്മൾ അതിനെ ശീത ജലം ഇട്ടുകൊണ്ട് അണച്ചു അപ്പോൾ പിന്നീട് വർദ്ധിക്കുകയില്ല തീപ്പൊരി പുറത്തു വന്നു, നമ്മൾ ശീത ജലം ഒഴിച്ചു, അണച്ചു കൊണ്ടുതന്നെ പോകും, അണച്ചുകൊണ്ടുതന്നെ പോകും, ഒരു സമയം വരും മുഴുവൻ അണഞ്ഞു പോകും. വിടുതൽ ലഭിക്കും.

എന്നാൽ ഈ ബോധമില്ലെങ്കിൽ, കേവലം പുറമെപുറമെ ബുദ്ധിയുടെ തലത്തിൽ മനസ്സിലാക്കിയിരുന്നു, ഇപ്രകാരം ഭഗവാൻ ബുദ്ധൻ പറഞ്ഞു. ഇങ്ങനെ ചെയ്യുക, വിപശ്യന പറയുന്നു. എന്നാൽ എങ്ങനെ ചെയ്യണം? അതിന്റെ അഭ്യാസം ചെയ്തില്ലല്ലോ, അതിന്റെ പ്രാക്ടിസ് ചെയ്തില്ലല്ലൊ! ഉണർവ്വോടെ ഇരിക്കാനുള്ള അഭ്യാസം ചെയ്തില്ലല്ലൊ. നമ്മുടെ ഉള്ളിൽ നടന്നു കൊണ്ടിരിക്കുന്ന സംവേദനകളെപ്പറ്റി ഉണർവ്വോടെ ഇരിക്കാനുള്ള ഒരഭ്യാസവും ചെയ്തില്ലെങ്കിൽ ഏതു സമയത്ത് ഈ തീപ്പൊരിയുടെ അനുഭൂതി ഉണ്ടായോ, ഈ അപ്രിയ അനുഭൂതി ഉണ്ടായോ, അപ്പോൾ പെട്രോളെ തളിക്കുകയുള്ളു. പുതിയ ക്രോധം ഉണർത്തും, പുതിയ ദ്വേഷം ഉണർത്തും. വ്യാകുലത തന്നെ വ്യകുലത, വ്യകുലത തന്നെ വ്യകുലത. സംവർദ്ധനം ആയിക്കൊണ്ടു പോകുകയാണ്, സംവർദ്ധനം ആയിക്കൊണ്ടു പോകുകയാണ്. അപ്പോൾ ഇതിന്റെ അഭ്യാസം ചെയ്തു കൊണ്ടുപോകുകയാണ് എങ്കിൽ സ്വഭാവം മാറാൻ തുടങ്ങും. ഈ ബിഹേവിയർ പാറ്റേൺ മാറും. ഹാബിറ്റ് പാറ്റേൺ മാറും. ഇപ്പോൾ തീപ്പൊരി വന്നാൽ ഉടനെ തന്നെ മൈത്രി ഉണരും, കരുണ ഉണരും. ഏതെങ്കിലും വ്യക്തി നമ്മുടെ നേർക്ക് തീപ്പൊരി എറിയുകയാണ്, മൈത്രി ഉണരണം, കരുണ ഉണരണം.

ഇത് ഉപദേശങ്ങളാൽ സംഭവിക്കില്ല. പുസ്തകങ്ങൾ പഠിക്കുന്നതുമൂലം സംഭവിക്കില്ല. പ്രവചനങ്ങൾ കേൾക്കുന്നതിനാൽ സംഭവിക്കില്ല. അതിനായി വളരെ ആഴത്തിലുള്ള അഭ്യാസം ചെയ്യേണ്ടതുണ്ട്, മാത്രമല്ല ഇതിനെയാണ് വിപശ്യന എന്നു വിളിക്കുന്നത്. ഓരോ വ്യക്തിക്കും സ്വയം ചെയ്യേണ്ടതുണ്ട്. മറ്റ് ആരെങ്കിലും ചെയ്യുകയാണ്, നമ്മുടെ ജ്ഞാനം ഉള്ളിൽ നിന്ന് ഉണരണം, അങ്ങനെ സംഭവിക്കുന്നില്ല. പ്രജ്ഞ – പ്രത്യക്ഷ ജ്ഞാനം, സ്വയം നമ്മുടെ അനുഭൂതിയുടെ ജ്ഞാനം ഉണരണം. അപ്പോൾ കാണം, ജീവൻ എങ്ങനെയാണ് മാറാൻ തുടങ്ങിയത്. ജീവന്റെ ചട്ടക്കൂടുതന്നെ മാറാൻ തുടങ്ങി. ജീവന്റെ ധാര മാറാൻ തുടങ്ങി. വലിയ മംഗളമാകാൻ തുടങ്ങി. വലിയ നന്മയാകാൻ തുടങ്ങി. സ്വന്തം ഉള്ളിൽ സ്വന്തം അനുഭൂതിയാലുള്ള പ്രജ്ഞ ഉണർന്നു അപ്പോൾ നന്മ തന്നെ നന്മ ആകാൻ തുടങ്ങി. ആരുടെ ഉണർന്നോ അവരുടെ മംഗളം തന്നെ മംഗളം. അവരുടെ നന്മ തന്നെ നന്മ. അവരുടെ സ്വസ്ഥി തന്നെ സ്വസ്ഥി. അവരുടെ മുക്തി തന്നെ മുക്തി, മുക്തി തന്നെ മുക്തി.